LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അതെ.

(ബി) ഉണ്ട്.

(സി) ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിയമത്തിന്റെ 11(1) വകുപ്പുപ്രകാരം ഒന്നാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള, ഇന്ത്യയിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയോ മെഡിക്കൽ സ്ഥാപനമോ നൽകുന്ന യോഗ്യതകളാണ് അംഗീകൃത യോഗ്യതകൾ ആയിട്ടുള്ളത്. പ്രസ്തുത നിയമത്തിന്റെ 15-ാം വകുപ്പുപ്രകാരം ഇത്തരം പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള യോഗ്യതകൾക്ക് രജിസ്ട്രേഷൻ അനുവദിക്കാറുണ്ട്. പ്രസ്തുത നിയമത്തിന്റെ 11(2) വകുപ്പുപ്രകാരം ഇത്തരത്തിൽ കേന്ദ്ര സർക്കാർ അംഗീകരിച്ച് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള യോഗ്യതകൾക്ക് രജിസ്ട്രേഷന് അർഹതയുണ്ട്.

(ഡി) രജിസ്ട്രേഷൻ അനുവദിക്കുന്ന കാര്യത്തിൽ സർക്കാർ സ്ഥാപനമെന്നോ സ്വാശ്രയ സ്ഥാപനമെന്നോ ഉള്ള വിവേചനം നിലവിലില്ല. ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിയമത്തിന്റെ 10A അനുശാസിക്കുന്ന വിധമുള്ള അനുവാദം എല്ലാ സ്ഥാപനവും നേടിയിരിക്കേണ്ടത് അനിവാര്യമാണ്.

(ഇ) പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതും ചൈന, റഷ്യ തുടങ്ങിയ രാജ്യങ്ങളിൽനിന്നും നേടുന്നതുമായ യോഗ്യതകൾക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നത് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ നിബന്ധനകൾ പാലിച്ചുമാത്രമാണ്.

(എഫ്) ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം കൗൺസിൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുന്നുണ്ട്.

(ജി) ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിയമത്തിന്റെ 11(2) വകുപ്പുപ്രകാരം കേന്ദ്ര സർക്കാർ അംഗീകരിച്ച് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ യോഗ്യതകൾക്കും ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷൻ നൽകി വരുന്നുണ്ട്. (എഫ്)-ൽ പരാമർശിച്ചിട്ടുള്ളകാര്യം പരിശോധിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുന്നുണ്ട്.

സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ സംവരണം

132 (821) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14, 2014-15 വർഷങ്ങളിൽ സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽകോളേജുകളിൽ സംവരണം ചെയ്തിട്ടുള്ള ഈഴവ, മുസ്ലീം പിന്നോക്ക ഹിന്ദു, പിന്നോക്ക ക്രിസ്ത്യൻ , ലാറ്റിൻ എന്നീ വിഭാഗത്തിൽപ്പെട്ടവർക്ക് ഓരോ വർഷവും എത്ര സീറ്റുകളിൽ പ്രവേശനം നേടാൻ കഴിഞ്ഞുവെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) എത്ര സീറ്റുകളാണ് ഓരോ വിഭാഗത്തിനും സംവരണം ചെയ്തിട്ടുള്ളതെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(സി) സ്വാശ്രയ മെഡിക്കൽ കോളേജിലെ സർക്കാർ മെരിറ്റ് സീറ്റ് 2014-15 വർഷത്തിൽ എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2013-14, 2014-15 വർഷങ്ങളിൽ സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ സംവരണം ചെയ്ത സീറ്റുകളുടെ എണ്ണവും അലോട്ട്മെന്റ് നൽകിയ സീറ്റുകളുടെ എണ്ണവും അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) 2014-15 അധ്യയന വർഷത്തിൽ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. കോഴ്സിന് 925 സീറ്റുകൾ അലോട്ട്മെന്റിനായി ലഭ്യമായിരുന്നു. ആയതിൽ മൈനോറിറ്റി/കമ്മ്യൂണിറ്റി/രജിസ്റ്റേർഡ് ട്രസ്റ്റ് ക്വാട്ട സീറ്റുകൾ (30%) ഒഴികെയുള്ള സീറ്റുകളാണ് മാൻഡേറ്ററി സീറ്റുകളായി പരിഗണിച്ചത്.

മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ

133 (822) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ ബിരുദധാരികളുടെ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷന് ഇപ്പോൾ എവിടെയാണ് സൗകര്യമുള്ളത് ;

(ബി) 2015 നവംബർ 10 വരെ അപേക്ഷ സമർപ്പിച്ച എം.ബി.ബി.എസ്. ബിരുദധാരികളിൽ എത്ര പേർക്ക് സർട്ടിഫിക്കറ്റ് നൽകാൻ ബാക്കിയുണ്ട് ; അവരുടെ പേര് വിവരം ലഭ്യമാക്കുമോ;

(സി) അപേക്ഷകളിലെ ഫോട്ടോയിൽ ശിരോവസ്ത്രം ധരിച്ചതിനാൽ മുഖഭാഗങ്ങൾ പൂർണ്ണമായും കാണുന്നില്ലാ എന്നും മുഖഭാഗങ്ങൾ പൂർണമായും കാണത്തക്ക ഫോട്ടോ നൽകണം എന്നും കാണിച്ച് അപേക്ഷകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിന് ആധാരമായ ഉത്തരവോ, കൗൺസിൽ തീരുമാനമോ ഉണ്ടായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെയും യോഗത്തിന്റെ മിനിട്സിന്റെയും കോപ്പി ലഭ്യമാക്കുമോ ;

(ഇ) ശിരോവസ്ത്രം ധരിച്ച ഫോട്ടോക്ക് വിലക്കുണ്ടെങ്കിൽ പ്രസ്തുത തീരുമാനം പുനഃപരിശോധിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly